ഉത്തരം

ഹിൽ ഹൈവേയുടെ ഒന്നാംഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ല മുതൽ പാലക്കാട് ടൗൺവരെയുള്ള റൂട്ട് നിർണ്ണയിക്കുന്നത് സംബന്ധിച്ച് നാട്പാക്കിൽ നിന്നും ലഭിച്ച പഠന റിപ്പോർട്ട് ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. ടി റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി വച്ചിരിക്കുന്നു.†

പുതിയതായി റോഡ് നിർമ്മിക്കുന്നതിനുള്ള നടപടിക്രമം

48 [5695] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി സ്ഥലമെടുത്ത് റോഡ് നിർമ്മിക്കുന്നതിന് നിലവിലുള്ള നടപടിക്രമമെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പി.ഡബ്ല്യു.ഡി. നിർമ്മിക്കുന്ന റോഡുകൾക്കും സ്വകാര്യ സംരംഭങ്ങൾ, ബി. ഒ. റ്റി. തുടങ്ങിയ പദ്ധതി പ്രകാരം ചെയ്യുന്ന പ്രവൃത്തികൾക്കും സ്ഥലമെടുപ്പ് ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് ഒരേ നടപടിക്രമമാണോ അനുവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇത് സംബന്ധമായ നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ അടങ്ങുന്ന ഒരു കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ—സി) റോഡിന്റെയും പാലത്തിന്റെയും പണികൾക്ക് സ്ഥലമെടുക്കുന്നതിന്റെ മുന്നോടിയായി അലൈൻമെന്റ് പ്ലാൻ തയ്യാറാക്കി അംഗീകാരം തേടണം. അതിനു ശേഷം സ്ഥലമെടുക്കേണ്ടിവരുന്ന ഭാഗങ്ങൾ മാർക്ക് ചെയ്ത് റവന്യൂ അധികൃതരുമായി ബന്ധപ്പെട്ട് സർവ്വെ നമ്പരും ഏരിയായും തിട്ടപ്പെടുത്തി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കും. ഇതോടൊപ്പം തന്നെ ഇതിനാവശ്യമായി വരുന്ന തുകയ്ക്ക് ഗവൺമെന്റിൽ നിന്നും ഭരണാനുമതി വാങ്ങേണ്ടതുണ്ട്. സ്ഥലമേറ്റെടുക്കൽ സംബന്ധിച്ച് പൊതുമരാമത്ത് മാനുവൽ പ്രകാരം അദ്ധ്യായം XI-ൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.†

സ്വകാര്യ സംരംഭങ്ങൾ, ബി. ഒ. റ്റി. തുടങ്ങിയ പദ്ധതി പ്രകാരം ചെയ്യുന്ന പണികൾക്ക് സ്ഥലമെടുപ്പ് സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

നബാർഡിന്റെ സഹായത്തോടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ

49 [5698] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എത്ര റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് നബാർഡിന്റെ സഹായം ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly